30
ജൂൺ 2017
വെള്ളി
1192 മിഥുനം 16

മലയാള മനോരമ

ESTABLISHED 1888

കൊച്ചി
24 പേജ്
₹ 6.50

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുക്കം | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com

മനോരമ-ഗിരിദീപം കൺവൻഷൻ സെന്റർ വായനക്കളരി നാലാഞ്ചിറ സർവോദയ വിദ്യാലയത്തിൽ ഡയറക്ടർ റവ.ഫാ. തോമസ് കയ്യാലയ്ക്കൽ വിദ്യാർഥി പ്രതിനിധി ജൂഡ് ഫ്രാൻസിസിനു മനോരമ പത്രം നൽകി ഉദ്ഘാടനം ചെയ്യുന്നു. അധ്യാപകൻ പി.ബിനു, പ്രിൻസിപ്പൽ റവ.ഫാ. ജോർജ് മാത്യു കരൂർ എന്നിവർ സമീപം.

മനോരമ–ഗിരിദീപം കൺവൻഷൻ സെന്റർ വായനക്കളരി സർവോദയ വിദ്യാലയത്തിൽ

നാലാഞ്ചിറ● മനോരമ ഗിരിദീപം കൺവൻഷൻ സെന്റർ വായന കളരി നാലാഞ്ചിറ സർവോദയ വിദ്യാലയത്തിൽ തുടക്കമായി. നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്റർ ഡയറക്ടർ റവ.ഫാ. തോമസ് കയ്യാലയ്ക്കൽ വിദ്യാർഥി പ്രതിനിധി ജൂഡ് ഫ്രാൻസിസിനു മനോരമ പത്രം നൽകി ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ പ്രിൻസിപ്പൽ റവ. ഫാ. ജോർജ് മാത്യു കരൂർ അധ്യക്ഷത വഹിച്ചു. വിദ്യാർഥിപ്രതിനിധി അനഘ ജോതിഷ്, ഹെഡ് ടീച്ചർ സിസ്റ്റർ ടെറിൻ ജോസഫ്, ടീച്ചർ സിജിൻ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. മനോരമ സർക്കുലേഷൻ ഓഫിസർ ജോഷി ജോൺ മാത്യു പദ്ധതി വിശദീകരണം നടത്തി.

സ്കൂളിലേക്ക് ആവശ്യമായ പത്രം സ്പോൺസർ ചെയ്തിരിക്കുന്നത് നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്റർ ആണ്.